LIBRARY ARCHIVES Kerala Legislative Assembly

വിഷയങ്ങളെക്കുറിച്ചും ധാരാളം ട്രെയിനിംഗ് നടത്തിവരുന്നു. കൂടാതെ കൃഷി വിജ്ഞാന കേന്ദ്രങ്ങൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾവഴി യുവജനങ്ങൾക്കായി കാർഷിക സർവ്വകലാശാല ആവശ്യാനുസരണം പരിശീലനങ്ങൾ സംഘടിപ്പിക്കുന്നുണ്ട്. എസ്.എസ്.എൽ.സി. കഴിഞ്ഞ യുവജനങ്ങൾക്കായി ഈ വർഷം നവീന കൃഷി രീതിയെക്കുറിച്ച് ശാസ്ത്രീയ അവബോധം നൽകുന്നതിനായി സർവ്വകലാശാല പരിശീലന പരിപാടികൾ സംഘടിപ്പിക്കുകയുണ്ടായി. എറണാകുളം ജില്ലയിലെ സ്കൂൾ വിദ്യാർത്ഥികൾക്കായി ഒരു വിപുലമായ പരിശീലന പരിപാടിയും സർവ്വകലാശാല ഇപ്പോൾ നടപ്പിലാക്കിവരുന്നുണ്ട്.

(ബി&സി) കാർഷിക സർവ്വകലാശാലയിൽ ശാസ്ത്രജ്ഞരുടെ ദൗർലഭ്യം നിമിത്തം കോളേജുകൾ, വായനശാലകൾ എന്നിവ കേന്ദ്രീകരിച്ച് പഠന ക്ലാസ്സുകൾ സംഘടിപ്പിക്കുന്നത് സുഗമമല്ലെങ്കിലും ഈ സ്ഥാപനത്തിൽ പ്രവർത്തിക്കുന്ന ഇ-ലേണിംഗ് സെന്റർവഴി ഓൺലൈൻ കോഴ്സുകൾ നടന്നുവരുന്നുണ്ട്.

പൂൾഡ് ഫണ്ടിന്റെ വിനിയോഗം

192 (T4232) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2013-14-ലെ പൂൾഡ് ഫണ്ടിൽനിന്നും പശുവിനെ നൽകുന്നതിന് എത്ര കോടി രൂപ ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ ;

(ബി) ഓരോ ജില്ലകളിലും എത്ര രൂപ വീതം ചെലവഴിച്ചുവെന്നും എത്ര പശുക്കളെ വീതം നൽകിയെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) 2013-14-ലെ പൂൾഡ് ഫണ്ടിൽ നിന്നും പശുവിനെ നൽകുന്നതിന് മൃഗസംരക്ഷണ വകുപ്പിന് 499.5 ലക്ഷം രൂപ പട്ടികജാതി വികസന വകുപ്പിൽനിന്നും ലഭിച്ചു. ആയതിൽ 217.35 ലക്ഷം രൂപ നിലവിൽ ചെലവഴിച്ചു. ബാക്കി തുക ചെലവഴിച്ച് പദ്ധതി ഉടൻ പൂർത്തിയാക്കുന്നതാണ്.

(ബി) ഓരോ ഗുണഭോക്താവിനും 2 പശുക്കളും 3 കന്നുകുട്ടികളും അടങ്ങുന്ന ഒരു യൂണിറ്റാണ് നൽകുന്നത്. ഒരു ഗുണഭോക്താവിന് 1,35,000 രൂപയാണ് (ഒരു ലക്ഷത്തി മുപ്പത്തിയഞ്ചായിരം രൂപ മാത്രം) ഇതിലൂടെ ധനസഹായമായി നൽകുന്നത്.

'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

ഈ പദ്ധതി ബാങ്ക് വായ്പ സഹായത്തോടെയാണ് നടപ്പാക്കുന്നത്. അപ്രകാരം ഓരോ ജില്ലകളിലും നിലവിൽ ചെലവഴിച്ച തുകയും വിതരണം ചെയ്യുവരുന്ന യൂണിറ്റുകളെയും സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു :

ജില്ല	ചെലവഴിച്ച തുക (ലക്ഷം രൂപ)	നൽകിവരുന്ന യൂണിറ്റ്
തിരുവനന്തപുരം	6.75	5
കൊല്ലം	4.05	3
ആലപ്പുഴ	17.55	13
പത്തനംതിട്ട	27	20
കോട്ടയം	13.5	10
ഇടുക്കി	20.25	15
എറണാകുളം	13.5	10
തൃശ്ശൂർ	13.5	10
പാലക്കാട്	27	20
മലപ്പുറം	16.2	12
കോഴിക്കോട്	13.5	10
കണ്ണൂർ	31.05	23
കാസർഗോഡ്	10.8	8
വയനാട്	2.7	2

താറാവ് കർഷകർക്ക് നഷ്ടപരിഹാരം

193 (4233) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

താറാവുരോഗവുമായി ബന്ധപ്പെട്ട് താറാവുകൾ നഷ്ടപ്പെട്ട കർഷകർക്ക് നഷ്ടപരിഹാരമായി എത്ര തുക വിതരണം ചെയ്തു എന്ന് വ്യക്തമാക്കാമോ ; എത്ര കർഷകർക്ക് ഇതിന്റെ

LIBRARY ARCHIVES Kerala Legislative Assembly